# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2604 — 19.12.2012ൽ മറുപടിയ്ക്ക്

## ഓണാട്ടുകര പദ്ധതി

| ചോദ്യം : ശ്രീ. ആർ. രാജേഷ് | ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) കുട്ടനാട് പാക്കേജിന്റെ ഭാഗമായുള്ള ഓണാട്ടുകര പദ്ധതിയിൽ എത്ര കോടി രൂപയുടെ പ്രവൃത്തികളാണുള്ളത് ; ഇതിൽ എത്ര രൂപ ചെലവഴിച്ചു ; | (എ) കുട്ടനാട് പാക്കേജിന്റെ ഭാഗമായുള്ള ഓണാട്ടുകര പദ്ധതിയിൽ 248.39 കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. പദ്ധതികൾ സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ ആരംഭിച്ചിട്ടേയുള്ളൂ. ആയതിനാൽ തുക ചെലവഴിക്കപ്പെട്ടിട്ടില്ല. |
| (ബി) ജലവിഭവ വകുപ്പിന്റെ എത്ര കോടി രൂപയുടെ പദ്ധതികൾ ടെണ്ടർ ചെയ്തു; ടെണ്ടർ നടപടികൾ എന്ന് പൂർത്തീകരിക്കും ; ടെണ്ടർ ചെയ്യുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) ജലവിഭവ വകുപ്പിന്റെ കീഴിൽ കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികളിലായി 635.45 കോടി രൂപയുടെ പദ്ധതികൾ ടെൻഡർ ചെയ്തിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലായി ടെൻഡർ ചെയ്ത പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br>1. കെ. ഇ. എൽ - I - 24.76 കോടി<br>2. കെ. ഇ. എൽ - II - 118.913 കോടി<br>3. കെ. ഇ. എൽ -III (ഫേസ് 1) - 371.05 കോടി<br>4. ഓണാട്ടുകര - 79.61 കോടി<br>5. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ സഹായത്താൽ നടന്നു വരുന്ന പ്രവൃത്തികൾ<br>1. തലയാഴം പഞ്ചായത്തിലെ കരിയാർ റഗുലേറ്റർ കം ബ്രിഡ്ജ് - 25.2 കോടി<br>2. പട്ടണക്കാട് പ്രദേശത്തെ റഗുലേറ്ററുകളുടെ പുനരുദ്ധാരണം - 4.717 കോടി<br>6. എ. സി. കനാൽ വിപുലീകരണം - 11.20 കോടി<br>ആകെ = 635.45 കോടി |

| | |
|---|---|
| (സി) മാവേലിക്കര മണ്ഡലത്തിലെ വഴുവാടിക്കടവ് നവീകരണത്തിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | (സി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അടിയന്തിര നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ